' ഭരണഭാഷ മാതൃഭാഷ '

തൃശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

(ഹാജർ:അജിതകുമാരി എ.കെ., പെൻ നം 249643 )

വിഷയം:- പൊ.വി-ജീവനക്കാര്യം-അന്തർ ജില്ലാ സ്ഥലംമാറ്റം 2024-25 അന്തിമ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1)പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/12/2024 തിയ്യതിയിലെ എ1/20836/2024 ഡി.ജി.ഇ നമ്പർ സർക്കുലർ

2)അധ്യാപകരുടെ ഓൺലൈൻ മുഖേനയുള്ള അപേക്ഷകൾ

4)വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച അന്തിമ സീനിയോരിറ്റി പട്ടിക.

5)ഈ കാര്യാലയത്തിലെ 04/02/25 ലെ ഇതേ നം താൽക്കാലിക സ്ഥലം മാറ്റ ഉത്തരവ്

6)പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/03/2025 ലെ കത്ത് നമ്പർ എ1/20836/2024 ഡി.ജി.ഇ

ഉത്തരവ് നമ്പർ DDETSR/10354/2024-A5 തീയതി : 28-03-2025

ജില്ലയിലെ സർക്കാർ സ്ക്കൂളുകളിലേക്കുള്ള അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ നിന്നും സീനിയോരിറ്റി പരിഗണിച്ച് താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പരാമർശം(5) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി ഉത്തരവിൽ ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ ഹിന്ദി തസ്തികയിലെ സ്ഥലം മാറ്റ ഉത്തരവ് ഉൾപ്പെടുത്തിയിട്ടില്ലെന്ന് കാണിച്ച് ശ്രീമതി.അനിത പി.വി അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് ടി അധ്യാപകരെ സ്ഥലം മാറ്റ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എച്ച്.എസ്.ടി(മലയാളം) തസ്തികയിൽ താൽക്കാലികമായി അന്തർജില്ലാസ്ഥലം മാറ്റം അനുവദിക്കപ്പെട്ടിരുന്ന മലപ്പുറം ജില്ലയിലെ കാടാഞ്ചേരി ജി.എച്ച്.എസ്.എസ് ലെ ശ്രീമതി.ചിത്ര സി.വി.യുടെ അപേക്ഷയിൽ സ്ഥലം മാറ്റം ആവശ്യപ്പെട്ട സ്ക്കൂളുകളിലൊന്നും തന്നെ ഒഴിവില്ലാത്തതും ടി സ്ക്കൂളുകളിലേക്ക് അല്ലാതെ മറ്റൊരു സ്ക്കൂളിലേക്കും സ്ഥലം മാറ്റം വേണ്ടെന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത സാഹചര്യത്തിൽ ടി അധ്യാപികയെ ഒഴിവാക്കുന്നു.

മേൽ സാഹചര്യത്തിൽ 2024-25 വർഷത്തെ അന്തർജില്ലാ സ്ഥലം മാറ്റം താഴെ പറയും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

എച്ച്.എസ്.ടി. മലയാളം

| ക്രമ നമ്പർ | പേര്, തസ്തിക, സ്ക്കൂൾ,ജില്ല | സ്ഥലംമാറ്റം അനുവദിച്ച സ്ക്കൂൾ | റിമാർക്സ് |
|---|---|---|---|
| 1 | ANOOPA K,<br>G. H. S. S. Palapetty,<br>Malappuram | G H S S<br>KODUNGALLUR | |
| | | | |

ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ

| ക്രമ നമ്പർ | പേര്, തസ്തിക, സ്ക്കൂൾ,ജില്ല | സ്ഥലംമാറ്റം അനുവദിച്ച സ്ക്കൂൾ | റിമാർക്സ് |
|---|---|---|---|
| 1 | VASIYA VA,<br>GHS KALLINGAPADAM<br>Junior Language FT Arabic (LP)<br>Palakkad | G.L.P.S.(HS)<br>KAROOPADANNA | |

ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ

| ക്രമ നമ്പർ | പേര്, തസ്തിക, സ്ക്കൂൾ,ജില്ല | സ്ഥലംമാറ്റം അനുവദിച്ച സ്ക്കൂൾ | റിമാർക്സ് |
|---|---|---|---|
| 1 | ANITA P V,<br>Junior Language FT Hindi<br>G. M. U. P. S. Veliyancode South,<br>Malappuram | G.H.S.S. ERUMAPETTY | |

ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി അധ്യാപകൻ/അധ്യാപിക ടി തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും. അന്തർജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകൻ/അധ്യാപികയെ വിടുതൽ ചെയ്യുന്നതിന് മുൻപ് മേൽ സൂചിപ്പിച്ച വിവരം സാക്ഷ്യപ്പെടുത്തിയ അധ്യാപകൻ, അധ്യാപികയിൽ നിന്നുള്ള സത്യപ്രസ്താവന പ്രധാനാധ്യാപകൻ മേലൊപ്പ് ചാർത്തി സേവനപുസ്തകത്തിൽ ഉൾച്ചേർത്ത് ആവശ്യമായ രേഖപ്പെടുത്തലുകൾ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

അന്തർജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ ഈ ജില്ലയിലും 2 വർഷം നിരീക്ഷകാലാവധി പൂർത്തീകരിക്കേണ്ടതാണ്. തെറ്റായ വിവരത്തിൻറെ അടിസ്ഥാനത്തിലാണ് അന്തർജില്ലാ സ്ഥലം മാറ്റം ലഭിച്ചതെന്ന് ബോധ്യപ്പെട്ടാൽ ഈ ഉത്തരവ് പുനഃപരിശോധനക്ക് വിധേയമായിരിക്കും. ജില്ലാന്തര സ്ഥലം മാറ്റം ഉണ്ടായാൽ നിലവിലെ നിയമനം പുനഃപരിശോധിക്കുന്നതാണ്.

അന്തർജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ **30/4/2025 നകം** സ്ഥലം മാറ്റം ലഭിച്ച സ്ക്കൂളിൽ ഉടൻ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ ഉത്തരവ് യാതൊരു മുന്നറിയിപ്പുമില്ലാതെ റദ്ദ് ചെയ്യുന്നതായിരിക്കും. സ്ഥലം മാറ്റം ലഭിച്ച അധ്യാപകരെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന തീയതി യഥാസമയം ബന്ധപ്പെട്ട പ്രധാനാധ്യാപകർ രേഖാമൂലം ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതാണ്. ടി ഒഴിവിൽ സംരക്ഷിതാധ്യാപകർ ജോലി ചെയ്യുന്നുണ്ടെങ്കിൽ അവരെ വിടുതൽ ചെയ്ത് വിവരം ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതാണ്.

Signed by
Ajithakumari Alappully Kunjunni
Date: 28-03-2025 16:44:12

വിദ്യാഭ്യാസ ഉപഡയറക്ടർ,
അജിതകുമാരി എ.കെ.,

തൃശ്ശൂർ.

<u>സ്വീകർത്താവ് :</u>

1. വിദ്യാഭ്യാസ ഉപഡയറക്ടർ,പാലക്കാട്
2. വിദ്യാഭ്യാസ ഉപഡയറക്ടർ,മലപ്പുറം
3. ബന്ധപ്പെട്ട ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ(വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)
4. ബന്ധപ്പെട്ട പ്രധാനാധ്യാപകർ((വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)
5. കരുതൽ ഫയൽ